പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# തൃശ്ശൂർ ജില്ലയിലെ ഐഎവൈ ഗുണഭോക്താക്കൾക്ക് തുക നൽകാൻ നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3248

29.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | ഐ.എ.വൈ. പദ്ധതി പ്രകാരം ചില ഗുണഭോക്താക്കൾ നിർമ്മിച്ച വീടുകൾക്ക് തുക ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-2012 ൽ അധിക തുക കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ 75,000 രൂപ നിരക്കിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി. ബ്ലോക്ക് പഞ്ചായത്തുകൾ ഈ ആവശ്യത്തിലേയ്ക്ക് വായ്പ എടുക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. 2012-13-ൽ 75,000 രൂപ നിരക്കിൽ സർക്കാർ അധികമായി നൽകാമെന്ന് വാഗ്ദാനം ചെയ്ത തുകയിൽ ഗ്രാമവികസന വകുപ്പിന് ചെലവഴിക്കാതെ കിടന്ന 79.95 കോടി രൂപ സറണ്ടർ ചെയ്തും ബ്ലോക്ക് പഞ്ചായത്തുകളുടെ 2012-13 ലെ പ്ലാൻ ഫണ്ടിൽ നിന്നും 25 കോടി രൂപയും ഗുണഭോക്താക്കൾക്ക് നൽകി കഴിഞ്ഞു. കൂടാതെ ത്രിതല സഹകരണ ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ 50.80 കോടി രൂപ വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വായ്പ തുകയും പലിശയും സർക്കാർ നൽകുന്നതാണ്. ശേഷിക്കുന്ന 2012-13 ലെ തുകയും 2013-14 ലെ സർക്കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത 50,000 രൂപ നിരക്കിലുള്ള തുകയും ബ്ലോക്ക് പഞ്ചായത്തിന് നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ ജില്ലയിൽ എത്ര പേർക്കാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക ഇനിയും ലഭിക്കേണ്ടത്; | (ബി) | 8727 ഗുണഭോക്താക്കൾക്ക് തുക ഇനിയും ലഭിക്കേണ്ടതുണ്ട്. |
| (സി) | ഇപ്പോഴുള്ള തടസ്സം നീക്കി എന്ന് തുക വിതരണം ചെയ്യാനാകും; വിശദമാക്കാമോ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ